**കേരള സർക്കാർ**

സംഗ്രഹം

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശം - സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്ഡിആർഎഫ്) നിന്ന് നൽകുന്നതിന് ഉപരിയായി കർഷകർക്ക് ധനസഹായം നൽകുന്നതിന് തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

====================================================================

കൃഷി (കൃഷി) വകുപ്പ്

സ.ഉ. (കൈ.) നം.182/2015/കൃഷി തീയതി, തിരുവനന്തപുരം, 29.09.2015.

====================================================================

പരാമർശം :- 1. സ. ഉ. (എംഎസ്.)നം.239/2012/ഡിഎംഡി, തീയതി 11.06.2012.

2. ജി. ഒ. (എംഎസ്.)നം.194/2015/ഡിഎംഡി, തീയതി 20.05.2015.

03 OCT 2015

**ഉത്തരവ്**

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്ഡിആർഎഫ്) നിന്നാണ് കർഷകർക്ക് ധനസഹായം നൽകുന്നത്. എസ്ഡിആർഎഫ്-ൽ നിന്ന് ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫണ്ടിൽ നിന്ന് നൽകുന്ന ധനസഹായം പുനർനിർണ്ണയിച്ചുകൊണ്ട് അതത് സമയം ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഓരോ വിളയ്ക്കും നൽകുന്ന ധനസഹായത്തിന്റെ തോത് 01.04.2012 മുതൽ പ്രാബല്യത്തിൽ പരാമർശം (1) പ്രകാരം പുനർനിർണ്ണയിച്ചിരുന്നു. തുടർന്ന് എസ്ഡിആർഎഫ് മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16.01.2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12.09.2012- ലെ ജി.ഒ.(എംഎസ്.) നം.343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ കർഷകർക്ക് പരാമർശം (1) ലെ ഉത്തരവിൽ നിശ്ചയിച്ചിരുന്ന നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു.

എന്നാൽ എസ്ഡിആർഎഫ് മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ മേല്പറഞ്ഞ രീതിയിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിട്ടില്ല. അതിനാൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് കർഷകർക്ക് ലഭിച്ചിരുന്ന ധനസഹായത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. എസ്ഡിആർഎഫ് മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ അവസാനമായി 01.04.2015 മുതൽ പ്രാബല്യത്തിൽ പരാമർശം (2) പ്രകാരമാണ് എസ്ഡിആർഎഫ് -ൽ നിന്നുള്ള ആനുകൂല്യങ്ങൾ പുനർനിർണ്ണയിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്.

ഇത്തരത്തിൽ കർഷകർക്ക് ലഭിച്ചുകൊണ്ടിരുന്ന ധനസഹായത്തിൽ വന്ന കുറവ് സർക്കാർ പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഏതെങ്കിലും വിളയ്ക്ക് നിശ്ചയിച്ചിട്ടുള്ള ധനസഹായം പരാമർശം (2) ലെ ഉത്തരവ് പ്രകാരം അനുവദനീയമായതിനേക്കാൾ കൂടുതലാണെങ്കിൽ അപ്രകാരം ഉയർന്ന നിരക്കിൽ ധനസഹായം നൽകേണ്ടതാണെന്ന് ഉത്തരവാകുന്നു. ഇതിന് അധികമായി ആവശ്യമായി വരുന്ന തുക '2401-00-800-91-പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി (പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിക്കേണ്ടതാണ്. ഈ ഉത്തരവിന് 01.04.2015 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

പരാമർശം (1) ലെ ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള ഉയർന്ന നിരക്കിൽ ധനസഹായം നല്കേണ്ട വിളകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുബ്രതാ ബിശ്വാസ്**
കാർഷികോല്പാദന കമ്മീഷണർ &
ഗവൺമെന്റ് പ്രിൻസിപ്പിൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
കൃഷി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
റവന്യൂ/ധനകാര്യ വകുപ്പുകൾ
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര-പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | വിള | ജി.ഒ.(എം.എസ്.) നം.239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ഉള്ള ധനസഹായത്തിന്റെ നിരക്ക് |
|---|---|---|
| 1. | തെങ്ങ് (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 700 |
| 2. | തെങ്ങ് (കായ്ഫലമില്ലാത്തത് ഒരെണ്ണത്തിന്) | 350 |
| 3. | തെങ്ങ് (ഒരു വർഷം വരെ പ്രായമായത് ഒരെണ്ണത്തിന്) | 100 |
| 4. | വാഴ (കുലച്ചത് ഒരെണ്ണത്തിന്) | 100 |
| 5. | വാഴ (കുലയ്ക്കാത്തത് ഒരെണ്ണത്തിന്) | 75 |
| 6. | റബ്ബർ (ടാപ്പ് ചെയ്യുന്നത് ഒരെണ്ണത്തിന്) | 300 |
| 7. | റബ്ബർ (ടാപ്പ് ചെയ്യാത്തത് ഒരെണ്ണത്തിന്) | 200 |
| 8. | കശുമാവ് (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 150 |
| 9. | കശുമാവ് (കായ്ഫലമില്ലാത്തത് മൂന്നു വർഷത്തിനു മുകളിൽ പ്രായമായത് ഒരെണ്ണത്തിന്) | 100 |
| 10. | കമുക് (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 150 |
| 11. | കമുക് (കായ്ഫലമില്ലാത്തത്) | 100 |
| 12. | കൊക്കോ (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 100 |
| 13. | കാപ്പി (ഒരെണ്ണത്തിന്) | 100 |
| 14. | കുരുമുളക് (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 75 |
| 15. | ജാതി (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 400 |
| 16. | ജാതി (കായ്ഫലമില്ലാത്തത് ഒരെണ്ണത്തിന്) | 150 |
| 17. | ഗ്രാമ്പൂ (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 200 |
| 18. | ഗ്രാമ്പൂ (കായ്ഫലമില്ലാത്തത് ഒരെണ്ണത്തിന്) | 100 |
| 19. | വെറ്റിലക്കൊടി (1 സെന്റിന്) | 300 |
| 20. | കൈതച്ചക്ക (10 സെന്റിന്) | 750 |
| 21. | പുകയില (10 സെന്റിന്) | 1,500 |

സെക്ഷൻ ഓഫീസർ